(ഐ) നടത്തിയിട്ടില്ല.

(ജെ) ബാധകമല്ല.

## റോഡുകളുടെ നിർമ്മാണം

77 (3718) ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ :
ശ്രീ. ടി. കെ. ബാലൻ :
ശ്രീ. എം. എ. തോമസ് :
ശ്രീ. എ. അലി ഹസ്സൻ :
ശ്രീ. സി. കെ. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഏതെല്ലാം റോഡുകളുടെ പണിയാണ് ഏറ്റെടുത്തിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

(ബി) ഇതിനകം എത്ര കിലോമീറ്റർ റോഡുകളാണ് നിർമ്മിച്ചിട്ടുള്ള തെന്നും അവ ഏതെല്ലാം വിഭാഗത്തിൽപ്പെട്ടതാണെന്നും വിശദമാക്കുമോ ;

(സി) ലോകബാങ്ക് സഹായത്തോടെയുള്ള റോഡ് ഇൻഫ്രാസ്ട്രക്ച്ചർ ഡെവലപ്പ്മെന്റ് ടെക്നിക്കൽ അസിസ്റ്റന്റ്സ് പ്രോജക്ടിന്റെ കീഴിൽ റോഡ് വിക സനത്തിനായി എന്തെങ്കിലും പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ടോ ;

(ഡി) എങ്കിൽ വിശദാംശം വ്യക്തമാക്കുമോ ;

(ഇ) ഇതനുസരിച്ച് എത്ര കിലോമീറ്റർ റോഡ് ഈ വർഷം നിർമ്മിക്കു ന്നതിനാണ് ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ ?

### ഉത്തരം

(എ & ബി) വിവരം ശേഖരിച്ചു വരുന്നു.

(സി & ഡി) ലോക ബാങ്ക് സഹായത്തോടെയുള്ള റോഡ് ഇൻഫ്രാസ്ട്രക്ച്ചർ ഡെവലപ്പ്മെന്റ് ടെക്നിക്കൽ അസിസ്റ്റൻസ് പ്രോജക്ടിൽപ്പെടുത്തി റോഡ് അപ്ഗ്രഡേഷനു വേണ്ടിയുള്ള വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കി വരുന്നു. ഇതിന്റെ സാദ്ധ്യതാ പഠന റിപ്പോർട്ട് ഡിസംബർ മാസം ലോക ബാങ്കിന് സമർപ്പിച്ചിട്ടുണ്ട്.

(ഇ) ഇതിൻ പ്രകാരം മേജർ ജില്ലാ റോഡുകളും സംസ്ഥാന ഹൈവേ കളും ഉൾപ്പെടെ 1000 കിലോമീറ്റർ റോഡ് അപ്ഗ്രേഡ് ചെയ്യുന്നതിനും 800 കിലോമീറ്റർ റോഡ് മെയിന്റനൻസ് ചെയ്യുന്നതിനും ഉദ്ദേശിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly